# പതിമൂന്നാം കേരളനിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.702** **20/03/2013 ൽ മറുപടിക്ക്**

**അവശ്യ മരുന്ന് തട്ടിപ്പിനെതിരെ നടപടി**

**ചോദ്യം**

**ശ്രീമതി കെ. എസ്. സലീഖ**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സർക്കാർ മെഡിക്കൽ കോളേജുകൾ വഴിയും താലൂക്ക് ആശുപത്രികൾ വഴിയും സൗജന്യമായി വിതരണം ചെയ്യുന്ന ജനറിക് മരുന്നുകൾ സ്വകാര്യ ലോബി കൈയടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | ഇല്ല. |
| (ബി) | കാൻസർ, ഹൃദ്രോഗം തുടങ്ങിയവക്കുള്ള മരുന്നുകൾ അനർഹർ തട്ടിയെടുക്കുന്നത് കാരണം അർഹരായ രോഗികളിൽ പലർക്കും മരുന്നു കിട്ടുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) | ഇല്ല. ആദായ നികുതി അടയ്ക്കുന്നവർ ഒഴികെ സർക്കാർ ആശുപത്രികളിൽ ക്യാൻസർ, ഹൃദ്രോഗം തുടങ്ങിയ രോഗികൾക്ക് സൗജന്യമായി മരുന്ന് ലഭ്യമാണ്. ആയതിനാൽ എല്ലാ അർഹരായ രോഗികൾക്കും രോഗത്തിനുള്ള മരുന്ന് സൗജന്യമായി നൽകുന്നു. |
| (സി) | അവശ്യമരുന്നുകൾ വേണ്ടത്ര സ്റ്റോക്കുണ്ടെങ്കിലും വിലകൂടിയ മരുന്നുകൾ എല്ലാ ആശുപത്രികളിലും വളരെ പെട്ടെന്ന് തീരുന്നതായി മനസ്സിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) & (ഡി) | ഇല്ല. എല്ലാ ആശുപത്രികളിലും അവർക്ക് വേണ്ട മരുന്നുകൾ ആവശ്യപ്പെടുകയും ആയത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുകയുമാണ് നിലവിൽ ചെയ്തു വരുന്നത്.<br><br>എല്ലാ സ്കീമുകളിലെയും വില കൂടിയ മരുന്നുകളുടെ വിതരണത്തിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ഒരു കത്ത് സർക്കാരിന് നൽകിയിരുന്നു. |
| (ഡി) | ഇത് സംബന്ധിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ആരോഗ്യവകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന എല്ലാ കാൻസർ രോഗികൾക്കും ഒരു രജിസ്റ്റർ നമ്പറും തിരിച്ചറിയൽ കാർഡും നൽകുവാനും ആ കാർഡ് കൊടുത്തു മാത്രമേ ഫാർമസിയിൽ നിന്നും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന വിതരണം ചെയ്യാൻ പാടുള്ളൂ എന്നും, ഇപ്രകാരം മരുന്നുകൾ വിതരണം ചെയ്യുവാൻ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഒരു പാക്കേജ് തയ്യാറാക്കുകയും, അങ്ങനെ ഓരോ തവണ വിതരണം ചെയ്യുമ്പോഴും രോഗിയുടെ പേരും രജിസ്റ്റർ നമ്പറും മരുന്നുകളും ശരിയാണെന്ന് ഫാർമസിസ്റ്റ് ഉറപ്പു വരുത്തണമെന്ന് നിർദ്ദേശം നൽകി. ഓരോ 6 മാസം കൂടുന്തോറും ട്രീറ്റ്മെന്റ് ഷെഡ്യൂളും, ട്രീറ്റ്മെന്റ് പിരീഡും മരുന്നുകളും ഡോക്ടർമാർ സാക്ഷ്യപ്പെടുത്തിയാൽ മാത്രമേ മരുന്നുകൾ ഈ രോഗികൾക്കും തുടർന്നും ലഭ്യമാക്കാൻ പാടുള്ളൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഇ) | സർക്കാർ ആശുപത്രികളിൽ ഡോക്ടർമാർ മരുന്നുകളുടെ ജനറിക് നാമം എഴുതണമെന്ന് ഉത്തരവുണ്ടായിട്ടും 75 ശതമാനം ഡോക്ടർമാരും ഇപ്പോഴും മരുന്നുകളുടെ ട്രേഡ് നെയിമുകളാണ് എഴുതുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ; ഇതുകാരണം രോഗികൾ കൂടിയ വിലയുള്ള മരുന്നുകൾ വാങ്ങേണ്ടിവരുന്ന അവസ്ഥ ഒഴിവാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ? | (ഇ) | ഇല്ല. രോഗികൾക്ക് മരുന്ന് കുറിക്കുമ്പോൾ, വ്യക്തമായും ജനറിക് നാമം എഴുതണമെന്നുള്ള നിർദ്ദേശം എല്ലാ ഡോക്ടർമാർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ